*12-10-2026*
*Submissions*

## VI. സബ്മിഷൻ

### (1) ഐസൊലേഷൻ വാർഡ് കെട്ടിടങ്ങളുടെ അപാകതകൾ

ശ്രീ. വി. പി. സജീന്ദ്രൻ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കോവിഡ്-19 കാലത്തുനടന്ന വൻ അഴിമതികളായിരുന്നു പി.പി.ഇ. കിറ്റും മാസ്കും സംബന്ധിച്ചുള്ളത്. സംസ്ഥാനത്തെ ആരോഗ്യവകുപ്പിൽ അതിലും വലിയ അഴിമതിയാണ് സഭമുമ്പാകെ ഇന്ന് പുറത്തുകൊണ്ടുവരാനുദ്ദേശിക്കുന്നത്. സംസ്ഥാനത്ത് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ കീഴിൽ 89 ഐസൊലേഷൻ വാർഡ് നിർമ്മിച്ചിട്ടുണ്ട്. നിലവിൽ ഇവയിലൊന്നുപോലും പ്രവർത്തിപ്പിക്കാൻ കഴിയുന്ന അവസ്ഥയിലല്ല. നിർദിഷ്ട ഐസൊലേഷൻ വാർഡുകൾ 2021-22 ബജറ്റിൽ പ്രഖ്യാപിച്ചതാണ്. 26-07-2021-ലെ ഹെൽത്ത് & ഫാമിലി വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവുപ്രകാരം പ്രസ്തുത പദ്ധതിക്ക് 1.75 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ആരോഗ്യ-കുടുംബക്ഷേമ വകുപ്പിനുകീഴിലുള്ള സ്ഥാപനമായ കെ.എം.എസ്.സി.എൽ.-നാണ് പ്രസ്തുത പദ്ധതിയുടെ നിർമ്മാണച്ചുമതല നൽകിയിരുന്നത്. തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ

*12-10-2026*

*Submissions*

കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും കിഫ്കോണും ആണ് പദ്ധതി നടത്തിപ്പുകാർ. ഐസൊലേഷൻ വാർഡിന്റെ കൺസ്ട്രക്ഷന് 1.31 കോടി രൂപയും ഫർണിച്ചറുകൾ വാങ്ങിയതിന് 44 ലക്ഷം രൂപയുമാണ് ചെലവഴിച്ചിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലുള്ള വടവുകോട് ആശുപത്രിയിൽ ഒരാവശ്യത്തിന് പോയപ്പോഴാണ് ഐസൊലേഷൻ വാർഡ് നിർമ്മിച്ചിരിക്കുന്നത് കാണാൻ സാധിച്ചത്. ഒരാവശ്യത്തിനും വിനിയോഗിക്കാതെ പ്രസ്തുത വാർഡ് കാടുപിടിച്ചുകിടക്കുന്ന അവസ്ഥയിലാണ്. കോവിഡ് മഹാമാരികാലത്ത് 88 സ്ഥലങ്ങളിൽ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി വീണാ ജോർജിന്റെ അനുമതിയോടുകൂടിയാണ് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങളെല്ലാം നടന്നതെന്ന് അന്വേഷിച്ചപ്പോൾ അറിയാൻകഴിഞ്ഞത്. തീവെട്ടിക്കൊള്ളയാണ് ഇതിലൂടെ നടന്നിരിക്കുന്നതെന്നാണ് മനസ്സിലായത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്ന ഈ അഴിമതി വിഷയത്തിന്മേൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തി ഉത്തരവാദികളായവരെ കണ്ടെത്തണം.

കൂടാതെ നിർമ്മാണം നടത്തിയിട്ടുള്ള രണ്ട് ഏജൻസികളെയും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണം. പദ്ധതിയുടെ കൃത്യനിർവഹണം വഹിച്ച ഉദ്യോഗസ്ഥരെ നിയമത്തിനുമുന്നിൽ കൊണ്ടുവരണം. ഇനിയെങ്കിലും സർക്കാരിന്റെ ഒരു പൈസപോലും ആരോഗ്യ വകുപ്പിൽ അഴിമതി നടത്തുന്നതിന് അനുവദിക്കാൻ പാടില്ല. അതുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ അഴിമതി അന്വേഷിക്കുന്നതിന് ബഹുമാനപ്പെട്ട ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി മുൻകൈയെടുക്കുകയും ആഭ്യന്തര വകുപ്പുമന്ത്രിയെ ഇടപെടുത്തി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തണം. 88 നിയോജകമണ്ഡലങ്ങളിലായി നിർമ്മിച്ച ഐസൊലേഷൻ വാർഡുകളിൽ ഒന്നുപോലും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. അവ കാട് പിടിച്ചു കിടക്കുന്ന അവസ്ഥയിലാണ്. പ്രസ്തുത വിഷയത്തിന്മേൽ സമഗ്രാന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കണം. കൂടാതെ, അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജിന്റെ പങ്കിനെക്കുറിച്ചും അന്വേഷിക്കണം. അവർ അങ്ങനെ വീട്ടിൽ പോയി സുഖിച്ച് ഇരിക്കേണ്ട കാര്യമില്ല. അവരുടെ

പങ്കിനെക്കുറിച്ചുകൂടി അന്വേഷിച്ച് പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോവിഡ്-19 പോലുള്ള മഹാമാരികളെ ഫലപ്രദമായി നേരിടുന്നതിനും ഭാവിയിൽ ഉണ്ടായേക്കാവുന്ന പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനുമായി സംസ്ഥാനത്തെ നിയമസഭാ മണ്ഡലങ്ങളിൽ 10 കിടക്കകൾ വീതമുള്ള ആധുനിക ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് 26-07-2021-ലെ G.O. (Rt) No.1555/2021/H&FWD ഉത്തരവുപ്രകാരം ഭരണാനുമതി നൽകുകയും പദ്ധതിയുടെ ആകെ അടങ്കൽ തുക ₹250,69,79,300/- ആയി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 50 ശതമാനം കിഫ്ബി (KIIFB) ഫണ്ടിൽനിന്നും ശേഷിക്കുന്ന 50 ശതമാനം എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. പദ്ധതിയുടെ നിർവഹണ ഏജൻസിയായി (SPV) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ (KMSCL) ചുമതലപ്പെടുത്തിയിട്ടുണ്ട്.

*12-10-2026*

*Submissions*

തകരഷീറ്റുകൊണ്ട് നിർമ്മിച്ച ഏകദേശം 2,400 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണത്തിൽ 10 കിടക്കകളുള്ള ഐസൊലേഷൻ വാർഡുകളാണ് നിർമ്മിക്കുന്നത്. രോഗീപരിചരണ മേഖല, കാത്തിരിപ്പ് കേന്ദ്രം, സ്റ്റോർ റൂം, സ്റ്റാഫ് റൂം, ഡോക്ടർമാരുടെ മുറി, ഡ്രസ്സിങ് റൂം, നഴ്സസ് സ്റ്റേഷൻ, എമർജൻസി പ്രൊസീജർ റൂം, ശൗചാലയങ്ങൾ, മെഡിക്കൽ ഗ്യാസ്, സംഭരണ മുറി തുടങ്ങിയവ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ 90 ആരോഗ്യ കേന്ദ്രങ്ങളിലെ പ്രവൃത്തികൾക്കായി EPC മാതൃകയിൽ M/s Thrissur District Labour Contract Co-operative Society (TDLCCS)-യ്ക്ക് ഉത്തരവുനൽകുകയും സ്ഥല ലഭ്യതയുടെ അടിസ്ഥാനത്തിൽ 88 ആരോഗ്യ കേന്ദ്രങ്ങൾക്ക് Letter of Acceptance (LoA) അനുവദിക്കുകയും ചെയ്തു. ഒരു ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി ₹1,31,65,248/- എന്ന നിരക്കിലാണ് കരാർ നൽകിയിരുന്നത്. കൂടാതെ KMSCL മുഖാന്തരമുള്ള Equipment സപ്ലൈയ്ക്ക് ആകെ ₹44,31,500/- രൂപയുമാണ് നൽകിയത്. അത്തരത്തിൽ

*12-10-2026*
*Submissions*

ഒരു ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് ആകെ 1,75,96,748/- രൂപയാണ് ചെലവ് കണക്കാക്കിയത്. ആകെ അനുവദിച്ച 88 ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും 55 എണ്ണത്തിന്റെ പ്രവൃത്തി മാത്രമെ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. നിർമ്മാണം പൂർത്തിയാക്കിയ യൂണിറ്റുകളുടെ വിവിധ ഘട്ടങ്ങളിലായുള്ള ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. 2026 ഒക്ടോബർ 9 വരെയുള്ള പദ്ധതിയുടെ പുരോഗതി കണക്കുപ്രകാരം; ആകെ അനുവദിച്ച സൈറ്റുകൾ – 88 എണ്ണം, കരാർ ഏജൻസി നിർമ്മാണം പൂർത്തിയാക്കി ആശുപത്രി അധികൃതർക്ക് കൈമാറിയ സൈറ്റുകൾ-33 എണ്ണം എന്നിങ്ങനെയാണ്. TDLCCS വഴി നിർമ്മാണം ആരംഭിച്ചതും നിർമ്മാണം പൂർത്തിയാകാത്ത സൈറ്റുകളിൽ KIIFCON വഴി ശേഷിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്ന ഐസൊലേഷൻ വാർഡുകൾ ആകെ - 22 എണ്ണം.

TDLCCS വഴി നിർമ്മാണം ആരംഭിച്ചതും നിർമ്മാണം പൂർത്തിയാകാത്തതുമായ സൈറ്റുകളിൽ, KIIFCON വഴി ശേഷിക്കുന്ന പ്രവൃത്തികൾ നിർമ്മാണം നടന്നുവരുന്ന ഐസൊലേഷൻ വാർഡുകൾ-28 എണ്ണം. വിവിധ തടസ്സങ്ങൾ നേരിടുന്ന സൈറ്റുകൾ - 5 എണ്ണം.

*12-10-2026*
*Submissions*

നിർമ്മാണം പൂർത്തിയാക്കിയതും പൂർത്തിയാക്കുന്നതുമായ കെട്ടിടങ്ങളൊന്നും രോഗിപരിചരണത്തിന് അനുയോജ്യമല്ല. നിർമ്മാണം പൂർത്തിയാക്കിയ ഒരു കെട്ടിടത്തിലും രോഗിയെ കിടത്തി ചികിത്സിക്കുന്നതിനോ ഐസൊലേഷൻ വാർഡായി ഉപയോഗിക്കുന്നതിനോ സാധിക്കുന്ന സാഹചര്യമല്ല. കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ധാരാളം അപാകതകളുണ്ട്. ഇവയിലൊന്നിലും ഐസൊലേഷൻ വാർഡിനാവശ്യമായ എ.സി.-യോ ടോയ്‌ലെറ്റ് സൗകര്യങ്ങളോ മറ്റ് അനുബന്ധ ഉപകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല. കൈമാറിയ കെട്ടിടങ്ങളിലും ഇലക്ട്രിക്കൽ, പ്ലംബിങ്, സിവിൽ വർക്കുകൾ പൂർത്തിയാക്കാനുണ്ട്. കെട്ടിടത്തിന്റെ മേൽക്കൂരയിൽ ഫാൻ സ്ഥാപിക്കുന്നതിന് ബലക്കുറവുണ്ട്. ഷീറ്റുകൊണ്ട് നിർമ്മിച്ചിട്ടുള്ളതിനാൽ കെട്ടിടങ്ങളെല്ലാം ജീർണ്ണാവസ്ഥയിലുമാണ്. കേരളത്തിന്റെ സാഹചര്യത്തിന് അനുസൃതമല്ലാത്ത കെട്ടിടങ്ങളാണിവ. ഒരു കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് ഏകദേശം 1.83 കോടി രൂപയാണ്. തുക അനുവദിക്കുകയും ചെയ്തു. രോഗികൾക്ക് ഉപകാരപ്രദമായ ഒരു കെട്ടിടം പോലും ഇതിലുൾപ്പെടുന്നില്ല.

അതിനാൽ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു വിദഗ്ധ ടീമിനെ നിയോഗിച്ച് ഇതിന്മേൽ അന്വേഷണം നടത്താൻ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (2) വെറ്ററിനറി കോളേജ് സ്ഥാപിക്കൽ

ശ്രീ. മഞ്ഞളാംകുഴി അലി: മാഡം ഡെപ്യൂട്ടി സ്പീക്കർ, ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും ഏകദേശം 65 കിലോമീറ്റർ അകലെ എന്റെ നിയോജകമണ്ഡലത്തിലുള്ള മൂർക്കനാട് ഗ്രാമപഞ്ചായത്തിലാണ് ഗുരുവായൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ഗോകുലം ഗോശാല സ്ഥിതി ചെയ്യുന്നത്. ഗുരുവായൂർ ക്ഷേത്രത്തിൽ ഭക്തർ വഴിപാടായി സമർപ്പിക്കുന്ന ഗോക്കളുടെ ആജീവനാന്ത സംരക്ഷണാർഥം 1985-ൽ ആരംഭിച്ചതാണ് നിർദിഷ്ട ഗോശാല. ഏകദേശം 1500-ഓളം പശുക്കൾ നിലവിലുണ്ട്. 100 ഏക്കർ വിശാലമായി സ്ഥിതി ചെയ്യുന്ന ഈ ഗോശാലയിൽ മൃഗസംരക്ഷണം, തീറ്റപ്പുൽ കൃഷി, ചാണക വില്പന, പാൽ ഉല്പാദനം എന്നിവ ചെറിയ തോതിൽ, പേരിന് നടത്തിവരുന്നുണ്ട്. ഗോശാലയുടെ സമഗ്ര വികസനത്തിനായി 70 കോടി രൂപയുടെ പദ്ധതി ബഹുമാനപ്പെട്ട ദേവസ്വം

വകുപ്പുമന്ത്രി നിലവിൽ ആരംഭിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ മൃഗങ്ങൾക്ക് മതിയായ ഷെഡ്ഡുകളും ആവശ്യമായ സൗകര്യങ്ങളും ലഭിക്കുമെന്ന് കരുതുന്നു. കൂടാതെ ഗോശാലയിൽനിന്നുള്ള മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും അവിടെയുള്ള ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും പദ്ധതിക്ക് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗുരുവായൂർ ദേവസ്വം ബോർഡിനുകീഴിൽ ഒരു വെറ്ററിനറി കോളേജ് സ്ഥാപിക്കുന്നത് സംസ്ഥാനത്തിന് വളരെ പ്രയോജനകരമാകും. കോളേജിനോടനുബന്ധിച്ച് വെറ്ററിനറി ആശുപത്രികൂടി സ്ഥാപിച്ചാൽ സ്ഥാപനത്തിലെ മൃഗങ്ങൾക്ക് രാപ്പകൽ വ്യത്യാസമില്ലാതെ ചികിത്സ ഉറപ്പാക്കാനുമാകും. അവശതയിലുള്ള പശുക്കളെ പരിചരിക്കാവുന്ന വിധത്തിൽ 12 ഗോക്കൾ ഉൾക്കൊള്ളുന്ന ഒരു ഐ.സി.യു. ഷെഡ്ഡ് മാത്രമാണ് ഇവിടെ നിലവിലുള്ളത്. ഇതല്ലാതെ ഗോക്കൾക്കായി മറ്റ് ചികിത്സാ സൗകര്യങ്ങളൊന്നുംതന്നെ നിലവിലില്ല. പുറത്തുള്ള വെറ്ററിനറി ആശുപത്രികളെയാണ് ഇവർ ആശ്രയിക്കുന്നത്.

കോളേജിനോടനുബന്ധിച്ച് ആശുപത്രിയുണ്ടെങ്കിൽ പുറത്തുള്ള ചികിത്സാ സംവിധാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് കുറയ്ക്കാനാകും. അതുപോലെ രോഗനിർണ്ണയ ലബോറട്ടറികൾ, പരിശീലന പരിപാടികൾ എന്നിവ നൽകുന്ന കേന്ദ്രമായി വെറ്ററിനറി കോളേജിന് പ്രവർത്തിക്കാനാകും. മാത്രമല്ല, കേരളത്തിൽ വെറ്ററിനറി & ആനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലുള്ള വെറ്ററിനറി കോളേജുകളിലേക്കുള്ള പ്രവേശനത്തിന് കടുത്ത മത്സരം നിലനിൽക്കുന്ന സാഹചര്യത്തിൽ പുതിയൊരു വെറ്ററിനറി കോളേജ് ആരംഭിക്കുന്നത് വിദ്യാർഥികൾക്കുള്ള അവസരങ്ങൾ വർധിപ്പിക്കും. അതുപോലെ വെറ്ററിനറി ബിരുദങ്ങൾ പഠിക്കുന്നതിനായി മറ്റ് സംസ്ഥാനങ്ങളിലേക്കോ വിദേശത്തേക്കോ പോകേണ്ടി വരുന്ന വിദ്യാർഥികളുടെ എണ്ണം കുറയ്ക്കാനും ഇത് സഹായിക്കും. ഒരു സമ്പൂർണ്ണ വെറ്ററിനറി കോളേജും ആശുപത്രിയും സ്ഥാപിക്കുന്നത് ഈ പ്രദേശത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കും വലിയ പ്രചോദനമാകും. ഇതിലൂടെ വിവിധ മേഖലകളിൽ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും. കഴിഞ്ഞ ആഴ്ച ബഹുമാനപ്പെട്ട

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനം ചെയ്ത അവസരത്തിൽ ഞാൻ ഈ വിഷയം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അടുത്ത ബജറ്റിൽ പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പുനൽകുകയും ചെയ്തിരുന്നു. അതിനാൽ പ്രസ്തുത വിഷയം സർക്കാർ അതീവ പ്രാധാന്യത്തോടെ കണ്ട് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണ് ബഹുമാനപ്പെട്ട മങ്കട നിയോജകമണ്ഡലം അംഗം ഇവിടെ സൂചിപ്പിച്ചത്. മൂർക്കനാട് ഗ്രാമപഞ്ചായത്തിലുള്ള വേങ്ങാട് എന്ന സ്ഥലത്തെ നൂറ് ഏക്കറോളമുള്ള ഭൂമിയിലാണ് ഗുരുവായൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള 'ഗോകുലം' ഗോശാല പ്രവർത്തിക്കുന്നത്. ഏതാണ്ട് 1500 പശുക്കളുള്ളതിൽ 28 എണ്ണത്തിന് മാത്രമെ കറവയുള്ളൂ. പല പശുക്കളുടെയും രൂപം കാണുമ്പോൾ അവിടെ ഗോക്കളെ വളർത്തലല്ല ഏതാണ്ട് ഗോഹത്യയുടെ സാഹചര്യമാണുള്ളത്. പശുക്കളെ കണ്ടാൽ പശുക്കളാണോ

ആട്ടിൻകുട്ടികളാണോ എന്നുപോലും സംശയമുണ്ടാക്കുന്ന സാഹചര്യമാണുള്ളത്. സർക്കാർ നിർദ്ദേശപ്രകാരം പശുക്കളെ സംരക്ഷിക്കാനും മാലിന്യം സംസ്കരണത്തിനുമായി തനത് ഫണ്ടിൽനിന്നും എഴുപത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്കുള്ള വിപുലമായ പദ്ധതിക്കാണ് ദേവസ്വം ബോർഡ് മുൻകൈയെടുത്ത് തുടക്കം കുറിച്ചിരിക്കുന്നത്. സെപ്റ്റംബർ മാസം 5-ന് നിർമ്മാണം ആരംഭിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, നൂറ് ഏക്കറിൽ ഒരു വെറ്ററിനറി കോളേജ് ആരംഭിക്കണം എന്നൊരു പ്രൊപ്പോസൽ ഇപ്പോൾ ഗുരുവായൂർ ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്. എന്റെ പിതാവുകൂടിയായ കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ അവിടെ ഒരു മെഡിക്കൽ കോളേജ് ആരംഭിക്കണമെന്ന് ആഗ്രഹിച്ചിരുന്നു. ഇന്നത്തെ സാഹചര്യത്തിൽ അവിടെ മെഡിക്കൽ കോളേജ് പ്രാവർത്തികമല്ലെങ്കിലും ഒരു വെറ്ററിനറി കോളേജ് സ്ഥാപിച്ച് പശുക്കളെ സംരക്ഷിക്കുന്നതിനും മറ്റും വിപുലമായ ഒരു സംവിധാനം ഒരുക്കുന്നതിന് തീരുമാനമുണ്ടായിട്ടുണ്ട്.

അതിൽ അന്തിമ തീരുമാനമെടുക്കേണ്ടത് ഗുരുവായൂർ ദേവസ്വം ബോർഡ് ഭരണസമിതി അംഗങ്ങളാണ്. ഇക്കാര്യത്തിൽ അനുകൂലമായ ഒരു സമീപനമാണ് ഗുരുവായൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസൽ ഗുരുവായൂർ ദേവസ്വം ബോർഡ് ഭരണസമിതി അംഗങ്ങൾ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നമുറയ്ക്ക് ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ ശിപാർശയോടെ അനുമതിക്കായി സർക്കാരിന് സമർപ്പിക്കുമെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. തീർച്ചയായും ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഒരു വെറ്ററിനറി കോളേജ് അവിടെ വേണമെന്നുതന്നെയാണ് ഗവൺമെന്റിന്റെയും അഭിപ്രായം.

(3) <u>ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യവികസനം</u>

<u>ശ്രീ. സിറിയക് തോമസ്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, എന്റെ നിയോജകമണ്ഡലത്തിൽ അഴുതയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന അതിപുരാതന ക്ഷേത്രമാണ് പീരുമേട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രം. കൊല്ലവർഷം 1114-ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് പണികഴിപ്പിച്ചിട്ടുള്ള പ്രസ്തുത ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം

ബോർഡിന്റെ കീഴിലുള്ള ഇടുക്കി ജില്ലയിലെ ഏക മേജർ ക്ഷേത്രമാണ്. അതിർത്തി സംസ്ഥാനങ്ങളിലേതടക്കം അനേകം ശബരിമല തീർഥാടകർ ശബരിമല തീർഥാടന സമയത്ത് ഇവിടെ വരുന്നതിനും വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും പ്രസ്തുത ക്ഷേത്രത്തെ ആശ്രയിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ക്ഷേത്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തവും ശുദ്ധജല ക്ഷാമം രൂക്ഷവുമാണ്. അതുപോലെതന്നെ തീർഥാടകർക്കും ജീവനക്കാർക്കും താമസത്തിനും പാർക്കിങ്ങിനുമുള്ള സൗകര്യങ്ങളുമില്ല. പ്രാഥമിക ആവശ്യങ്ങൾക്കും മതിയായ സൗകര്യങ്ങളില്ല. മഴക്കാലത്ത് മലിനജലം ക്ഷേത്രത്തിലേക്ക് ഒഴുകിയെത്തുന്ന സാഹചര്യവുമുണ്ട്. ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള പ്രസ്തുത ക്ഷേത്രത്തിന് സമീപത്തുള്ള ദേശീയ പാതയുടെ  സൈഡിലായി മൂന്ന് ഏക്കർ ഭൂമിയുണ്ട്. നിർദിഷ്ട ഭൂമിയിൽ മൂന്ന് നില കെട്ടിടം നിർമ്മിക്കുകയാണെങ്കിൽ ശബരിമല തീർഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനും സാധിക്കും. കൂടാതെ അതിനോടുചേർന്ന്  ഒരു കല്യാണ മണ്ഡപവും ഷോപ്പിങ്  കോംപ്ലക്സും നിർമ്മിക്കുകയാണെങ്കിൽ ദേവസ്വം ബോർഡിനും സർക്കാരിനും അതിലൂടെ

വരുമാനം വർധിപ്പിക്കാൻ സാധിക്കും. തീർഥാടകർക്ക് കുളിക്കുന്നതിനും ബലിതർപ്പണം നടത്തുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തണം. അതുപോലെതന്നെ കുട്ടിക്കാനത്ത് സ്ഥിതിചെയ്യുന്ന നൂറ് വർഷത്തിലധികം പഴക്കമുള്ള അമ്മച്ചിക്കൊട്ടാരവും സർക്കാർ ഏറ്റെടുക്കണം. പ്രസ്തുത ക്ഷേത്രത്തിന്റെ സൗകര്യങ്ങൾ ഒരുക്കുന്നതിലൂടെ ആത്മീയ തീർഥാടനം പ്രോത്സാഹിപ്പിക്കുന്നതിന് സാധിക്കും. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി കെ.പി.സി.സി. പ്രസിഡന്റ് ആയിരുന്ന സമയത്ത് പ്രസ്തുത ക്ഷേത്രം സന്ദർശിച്ചിട്ടുള്ള വിവരം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ക്ഷേത്രത്തെ ശബരിമല ഇടത്താവളമാക്കി മാറ്റുന്നതിനും ഭക്തർക്ക് സൗകര്യം ഒരുക്കുന്നതിനും ശബരിമല പദ്ധതിയിലുൾപ്പെടുത്തി ഒരു പ്രത്യേക വികസന പാക്കേജ് വിഭാവനം ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): മാഡം ഡെപ്യൂട്ടി സ്പീക്കർ, ശബരിമല തീർഥാടകർക്ക് വിരിവയ്ക്കുന്നതിനും വിശ്രമിക്കുന്നതിനുമായി ഉപയോഗിക്കുന്ന പീരുമേട്

*12-10-2026*
*Submissions*

നിയോജകമണ്ഡലത്തിലെ അഴുതയാറിന്റെ തീരത്ത് സ്ഥിതിചെയ്യുന്ന അതിപുരാതന ക്ഷേത്രമായ പീരുമേട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിലൂടെ ശബരിമല തീർത്ഥാടകരുടെ ഒരു പ്രധാന ഇടത്താവളമായി പ്രസ്തുത ക്ഷേത്രത്തെ മാറ്റാൻ സാധിക്കുന്നതാണെന്നും ആയതിന്റെ ഭാഗമായി അയ്യപ്പഭക്തർക്ക് വിരിവയ്ക്കുന്നതിനായി സ്ഥിരമായ പന്തൽ, അതുപോലെ രാത്രികാലങ്ങളിലും മറ്റും വിശ്രമിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ചെറിയ അമിനിറ്റി സെന്റർ, ആവശ്യമായ സ്ഥിരം ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നത് തിരുവിതാംകൂർ ദേവസ്വം ബോർഡ് പരിഗണിക്കുന്നതാണെന്നും 2026-27 വർഷത്തെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടന സീസണുമായി ബന്ധപ്പെട്ട് പീരുമേട് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അയ്യപ്പഭക്തർക്കായി ബയോടോയ്‌ലെറ്റ് സംവിധാനം ഒരുക്കുന്നതിനും താൽക്കാലിക പന്തൽ സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾ നടന്നുവരുന്നുണ്ടെന്നും സീസൺ കാലത്ത് പഞ്ചായത്ത് മുഖേന കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നുണ്ടെന്നും

തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള പ്രസ്തുത ക്ഷേത്രത്തിൽ പീരുമേട് ദേവസ്വത്തിന്റെ അടിസ്ഥാന വികസനത്തിന്റെ മുഖ്യച്ചുമതല ദേവസ്വം ബോർഡിനുതന്നെയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കുന്നതാണെന്നും 2026-27 സീസണിൽ ബയോടോയ്‌ലെറ്റ് സൗകര്യം, താൽക്കാലിക പന്തൽ, കുടിവെള്ള വിതരണ സംവിധാനം എന്നിവ ഏർപ്പെടുത്തുമെന്നും ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് ഗവൺമെന്റിന്റെ എല്ലാവിധ പിന്തുണയും ഉണ്ടായിരിക്കും.

(4) <u>ഓട്ടോമേറ്റഡ് വാഹന ടെസ്റ്റിങ് മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. സി. അജയപ്രസാദ്</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, കമ്പ്യൂട്ടർ അധിഷ്ഠിത ഓട്ടോമേറ്റഡ് ടെസ്റ്റിങ് കാരണം ഓട്ടോ തൊഴിലാളികൾ വളരെയേറെ പ്രയാസങ്ങൾ നേരിടുകയാണ്. കേരളത്തിലാകെ കമ്പ്യൂട്ടർ അധിഷ്ഠിത വാഹന ടെസ്റ്റിങ് നടപ്പാക്കുന്നതിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കിയിരിക്കുകയാണ്. കൊല്ലം

ജില്ലയിലെ പൂയപ്പള്ളി, ഭരണിക്കാവ് എന്നീ രണ്ട് കേന്ദ്രങ്ങളിലാണ് ഓട്ടോമേറ്റഡ് വാഹന ടെസ്റ്റിങ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുള്ളത്. ഇത് ജില്ലയുടെ കിഴക്കൻ അതിർത്തി ഗ്രാമങ്ങളായ അച്ചൻകോവിൽ, ആര്യങ്കാവ്, തെന്മല, കുളത്തൂപ്പുഴ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുന്ന മലയോര മേഖലയായ പുനലൂർ നിയോജകമണ്ഡലത്തിലെ മുഴുവൻ വാഹന ഉടമകളെയും തൊഴിലാളികളെയും പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. തെന്മല, ആര്യങ്കാവ്, അച്ചൻകോവിൽ, കുളത്തൂപ്പുഴ പ്രദേശങ്ങളിലുള്ളവർ അമ്പത് കിലോമീറ്ററിലേറെ ദൂരം സഞ്ചരിച്ചാണ് പുനലൂർ ആർ.ടി.ഒ. ഓഫീസിൽ റീടെസ്റ്റിങ്ങിന് എത്തിച്ചേരുന്നത്. എന്നാൽ നിലവിൽ വന്ന മാറ്റത്തിന്റെ ഭാഗമായി മണിക്കൂറുകളോളം നൂറ് കിലോമീറ്ററിലധികം സഞ്ചരിക്കേണ്ട സാഹചര്യമാണുള്ളത്. ഇത് പുനലൂർ നിയോജകമണ്ഡലത്തിലെ ഓട്ടോറിക്ഷ, മോട്ടോർ വാഹന തൊഴിലാളികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതും അവരുടെ സമ്പത്തും സമയവും നഷ്ടപ്പെടുത്തുന്നതുമാണ്. ഇതിൽ ഏറ്റവുമധികം ബുദ്ധിമുട്ടുകളും പ്രതിസന്ധികളും നേരിടുന്നത് പാവപ്പെട്ട ഓട്ടോറിക്ഷ തൊഴിലാളികളാണ്.

*12-10-2026*
*Submissions*

വാഹന ടെസ്റ്റിനായുള്ള ഈ ദീർഘയാത്ര സംബന്ധിച്ച് വലിയ പരാതികളാണ് ഉയർന്നുവരുന്നത്. ഫിറ്റ്നസ് പരിശോധനയിൽ കൂടുതൽ വാഹനങ്ങളും പരാജയപ്പെടുന്നുവെന്നതാണ് മറ്റൊരു പ്രധാനപ്പെട്ട പരാതി. ഓട്ടോറിക്ഷകൾക്കാണ് കൂടുതലും ഫിറ്റ്നസ് നേടാൻ കഴിയാതെ പോകുന്നത്. പുതിയ ഓട്ടോറിക്ഷകൾക്കുപോലും സമാനസ്ഥിതിയാണുള്ളത്. ടെസ്റ്റിങ് സ്റ്റേഷനുകളിൽ ശരിയായ രീതിയിലുള്ള ടെസ്റ്റിങ് നടക്കുന്നില്ലെന്ന തൊഴിലാളികളുടെ പരാതി പരിശോധിക്കേണ്ടതാണ്. ടെസ്റ്റിൽ പരാജയപ്പെടുന്ന വാഹനങ്ങൾ വീണ്ടും ടെസ്റ്റിനായി ഹാജരാക്കുമ്പോൾ റീടെസ്റ്റ് ഫീസും അതിന്റെ പതിനെട്ട് ശതമാനം ജി.എസ്.ടി.-യും നൽകേണ്ടിവരുന്നു. മുമ്പ് ഫീസ് മാത്രം നൽകിയിരുന്നിടത്താണ് ഇപ്പോൾ പതിനെട്ട് ശതമാനം ജി.എസ്.ടി. കൂടി നൽകേണ്ടിവരുന്നത്. പഴയ വാഹനങ്ങൾക്കാകട്ടെ ടെസ്റ്റിങ് ഫീസും ഉപയോഗിക്കുന്നതിനനുസരിച്ച് ജി.എസ്.ടി.-യും വർധിക്കുന്നു. ഈ സാഹചര്യത്തിൽ വിദൂര സ്ഥലങ്ങളിലേക്ക് വാഹന റീടെസ്റ്റിങ്ങിനായി പോകേണ്ടിവരുന്ന സാഹചര്യവും നിസ്സാരമായ കാര്യങ്ങൾമൂലം വാഹനം

ഫിറ്റ്നെസ് നേടാത്ത സ്ഥിതിയും റീടെസ്റ്റ് ഫീസും അതിന്മേൽ നികുതിയും കൂടി നൽകേണ്ടതായ സ്ഥിതിവിശേഷവും തുടങ്ങിയ കാര്യങ്ങൾക്ക് അടിയന്തരമായും പരിഹാരം കണ്ടെത്തണം. പ്രസ്തുത വാഹന ടെസ്റ്റിങ് സംവിധാനത്തിലെ അപാകതകൾ പരിഹരിക്കുന്നതുവരെ, വാഹന ഉടമകൾക്കും പാവപ്പെട്ട ഓട്ടോറിക്ഷ തൊഴിലാളികൾക്കും വാഹനങ്ങളുടെ റീടെസ്റ്റ്, ഫിറ്റ്നസ് പരിശോധന എന്നിവ മാനുവൽ രീതിയിൽതന്നെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, 2021-ൽ കേന്ദ്ര ഗവൺമെന്റ് 1989-ലെ കേന്ദ്ര മോട്ടോർ വാഹന നിയമഭേദഗതി പരിഷ്കരിച്ച് പുതിയൊരു അധ്യായം എഴുതി ചേർത്തതാണ് ചാപ്റ്റർ XI. പ്രസ്തുത വ്യവസ്ഥകളിലൂടെ ടെസ്റ്റിങ് കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനും അവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുമുള്ള വ്യവസ്ഥകൾ നിശ്ചയിക്കുകയും ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് വാഹനങ്ങളുടെ ഫിറ്റ്നസ് ക്ഷമത പരിശോധിക്കുന്ന രീതികൾ

വ്യക്തമാക്കുകയും ഫിറ്റ്നസ് പരിശോധനയ്ക്കുശേഷം ഇത്തരം ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷൻ (ATS) മുഖാന്തരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആവിഷ്കരിക്കുകയും ചെയ്തതാണ്. ഇതിന്റെ ഭാഗമായി മേല്പറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനത്ത് പുതിയ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നിലവിലുള്ള 9 കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിങ് സ്റ്റേഷനുകൾ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകളായി ഉയർത്തുന്നതിന് പ്രത്യേക ടെൻഡർ ക്ഷണിക്കാൻ 30-08-2024-ലെ കത്ത് പ്രകാരം കഴിഞ്ഞ സർക്കാർ ഗതാഗത കമ്മീഷണർക്ക് നിർദേശം നൽകിയിരുന്നു. സർക്കാർ നിർദേശപ്രകാരം ഒരു ജില്ലയിൽ രണ്ട് ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ (ATS) വീതം 28 ATS സ്ഥാപിക്കുന്നതിനായി ഗതാഗത കമ്മീഷണർ ടെൻഡർ ക്ഷണിച്ചു. ഇതിൽ 19 പുതിയ ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള 9 കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിങ് സ്റ്റേഷനുകൾ ഓട്ടോമേറ്റഡ് എ.റ്റി.എസ്.-കളായി നവീകരിക്കുന്നതിനുമാണ് ഉദ്ദേശിച്ചത്. ഇതൊരു മത്സരാധിഷ്ഠിത ടെൻഡർ കൂടിയായാണ് നിലവിൽ വന്നത്.

നടപടി ക്രമങ്ങളിലൂടെ പുതിയ ഓട്ടോമേറ്റഡ് എ.റ്റി.എസ്.-കൾ സ്ഥാപിച്ചു. നിലവിലുള്ള സ്റ്റേഷനുകൾ നവീകരിക്കുന്നതിനായി ഗതാഗത കമ്മീഷണർ ടെൻഡർ ക്ഷണിക്കുകയും കൊല്ലം ജില്ലയിൽ യൂണിയൻ അസോസിയേറ്റ്സ് എന്ന സ്ഥാപനം സമയബന്ധിതമായി എ.റ്റി.എസ്. പൂർത്തീകരിച്ചു. കേരളത്തിലെ മിക്ക സ്ഥലങ്ങളിലും പൂർത്തീകരിച്ചിട്ടില്ല. സംസ്ഥാനത്താകെ മൂന്ന് എ.റ്റി.എസ്. സ്റ്റേഷനുകൾ നിലവിലുണ്ട്. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ഓട്ടോമേറ്റഡ് എ.റ്റി.എസ്.-കൾ ഞാൻ ഉദ്ഘാടനം നിർവഹിച്ചു. ജില്ലയിലെ അകലെ വസിക്കുന്ന ആളുകൾക്ക് പുതിയ ATS -ൽ വരുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. വാസ്തവത്തിൽ പുതിയ വാഹനങ്ങൾ ടെസ്റ്റ് ചെയ്യുന്നതിന് രണ്ട് വർഷത്തിലൊരിക്കലാണ് വരേണ്ടത്. നിലവിൽ കൊല്ലം ജില്ലയിൽ രണ്ട് സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത്. എട്ട് വർഷം കാലാവധിയായ വാഹനങ്ങൾക്ക്, ആകെ എട്ടു വർഷത്തിൽ നാല് തവണ മാത്രമെ വരേണ്ട ആവശ്യമുള്ളൂ. തുടർന്ന് ഓരോ വർഷവും ഒരു ദിവസം വരേണ്ട ആവശ്യമുണ്ട്. ജില്ലയിലെ കിഴക്കൻ മേഖലയിലുള്ളവർക്ക് ടെസ്റ്റിങ്

കേന്ദ്രങ്ങളിലേയ്ക്കെത്താൻ ദൂരക്കൂടുതലുള്ളതിനാൽ ആവശ്യമാണെങ്കിൽ ഭാവിയിൽ മൂന്നാമതൊരു എ.റ്റി.എസ്. സ്ഥാപിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. അത് ന്യായമായൊരു കാര്യമാണ്. പക്ഷെ നിലവിൽ അതിനുള്ള ഒരു മാർഗമില്ല എന്നതാണ് യാഥാർത്ഥ്യം. നിലവിലുള്ള ഓട്ടോമേറ്റഡ് ടെസ്റ്റിങ് സ്റ്റേഷനുകളിൽ ഓട്ടോറിക്ഷയ്ക്ക് മാത്രമായി ഇളവുനൽകാൻ സാധിക്കില്ല. ഒരേ തരത്തിലുള്ള വാഹനങ്ങൾക്ക് വ്യത്യസ്ത പരിശോധനാ സംവിധാനങ്ങൾ ബാധകമാക്കുന്നത് പരിശോധനാ മാനദണ്ഡങ്ങളുടെ ഏകീകൃത സ്വഭാവത്തെ ബാധിക്കുമെന്നുള്ളതാണ് ഇപ്പോൾ മനസ്സിലാക്കുന്നത്. അതുകൊണ്ട് പറയത്തക്ക പ്രശ്നങ്ങൾ അവിടെ ഉണ്ടായിട്ടില്ല. ആര്യങ്കാവ്, തെന്മല പോലുള്ള പ്രദേശങ്ങൾക്കടുത്തുള്ള സ്ഥലത്ത് എ.റ്റി.എസ്. കൊണ്ടുവരുന്നതിൽ എതിരല്ല. മൂന്നാമതായി സ്റ്റേഷൻ വന്നാലെ  ഇത് തീരുകയുള്ളൂ.

വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):......മൈക്ക് ഓഫ്.

*12-10-2026*

*Submissions*

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. സി. പി. ജോൺ</u>): മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട വനം, വന്യജീവി-നൈപുണ്യ വികസന വകുപ്പുമന്ത്രി സൂചിപ്പിച്ചത്, എ.റ്റി.എസ്.-കളിൽ പ്രത്യേക തരത്തിലുള്ള നമ്പർ പ്ലേറ്റുള്ള വാഹനങ്ങൾക്കുമാത്രമേ ടെസ്റ്റിങ് നടത്താൻ സാധിക്കുകയുള്ളൂവെന്ന വിഷയം ഉണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിൽ മാനുവൽ പരിശോധനയ്ക്കുള്ള അനുമതി രണ്ടാഴ്ച കൂടി ദീർഘിപ്പിച്ചുനൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി. അടക്കം ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിന് ചെയ്യാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ മാനുവൽ പരിശോധനയ്ക്ക് രണ്ടാഴ്ചകൂടി ദീർഘിപ്പിച്ചിട്ടുനൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു. ഭാവിയിൽ ഒരു എ.റ്റി.എസ്. ആരംഭിക്കുമ്പോൾ കിഴക്കൽ മേഖലയിൽ കൊടുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

*12-10-2026*

*Submissions*

## (5) ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതുസംബന്ധിച്ച്

ശ്രീ. കെ. പ്രവീൺ കുമാർ: മാഡം ഡെപ്യൂട്ടി സ്പീക്കർ, കേരളത്തിലെ വിവിധ മേഖലകളിൽ ജോലിചെയ്യുന്നവരുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുമായി സ്ഥാപിക്കപ്പെട്ടതാണ് വിവിധ ക്ഷേമനിധി ബോർഡുകൾ. കൃത്യമായ തുക അടച്ചുകൊണ്ടാണ് ഓരോ തൊഴിലാളികളും ഇതിൽ ചേരുന്നത്. എന്നാൽ കഴിഞ്ഞ സർക്കാർ തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. അർഹമായ ആനുകൂല്യത്തിന് അപേക്ഷിക്കുമ്പോൾ സമയത്ത് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമാണ് കഴിഞ്ഞ കുറെ വർഷങ്ങളായി സംസ്ഥാനത്തുള്ളത്. ഉദാഹരണത്തിന്, ചില ക്ഷേമനിധിയിൽ പെൻഷൻ ഡ്യൂ ഉണ്ട്. കർഷകത്തൊഴിലാളിക്ക് ലഭിക്കേണ്ട അധിവർഷാനുകൂല്യം 2019 മുതൽ ലഭ്യമാകുന്നില്ല. 15,000 രൂപയുള്ള പ്രസവാനുകൂല്യം നാല് വർഷമായി ലഭിക്കുന്നില്ല. ഈ ആനുകൂല്യം ലഭിക്കാനായി സർക്കാർ സ്വീകരിച്ച നടപടി അറിയാൻ താൽപര്യമുണ്ട്. രണ്ടാമതൊരു കാര്യം നിത്യരോഗികൾക്ക്

നൽകുന്ന പെൻഷൻ എട്ട് വർഷത്തോളമായി ലഭിക്കുന്നില്ല. ഈ കാര്യത്തിനുള്ള നടപടികൾ എന്താണെന്ന് അറിയാൻ താൽപര്യമുണ്ട്.

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): മാഡം ഡെപ്യൂട്ടി സ്പീക്കർ, സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും ഉന്നമനത്തിനും ക്ഷേമത്തിനുമായി സംസ്ഥാന തൊഴിൽ വകുപ്പിനുകീഴിൽ 16 ബോർഡുകളും വനിതാ ശിശുവികസന വകുപ്പിനും ക്ഷീരവികസന വകുപ്പിനും കീഴിൽ ഓരോ ബോർഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡിൽ പെൻഷൻ കുടിശ്ശിക 845 കോടി രൂപ ഉൾപ്പെടെ 1,345 കോടി രൂപയുടെ കുടിശ്ശിക ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പെൻഷൻ നൽകി. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. മുമ്പ് 30 കോടി രൂപയായിരുന്നു ലഭിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ 50 കോടി

രൂപ ആയിട്ടുണ്ട്. പ്രസ്തുത ബോർഡിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് 67 കോടി രൂപയുടെ ചെലവുണ്ട്. ഭരണപരമായ ചെലവും മറ്റ് ആനുകൂല്യങ്ങളും ചേർത്തുകൊണ്ട് 77 കോടി രൂപയുടെ ചെലവുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് സെസ്സ് പിരിവ് ഊർജിതപ്പെടുത്തുന്നതാണ്. സമയബന്ധിതമായ ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നതാണ്. കേരളത്തിലെ വിവിധ ക്ഷേമനിധി ബോർഡുകളും തൊഴിൽ വകുപ്പിന് കീഴിലുള്ള ബോർഡുകളുമായ അബ്കാരി തൊഴിലാളി ക്ഷേമ നിധി ബോർഡ്, ചുമട്ടുതൊഴിലാളി ക്ഷേമ നിധി ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമ നിധി ബോർഡ്, കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമ നിധി ബോർഡ് എന്നിവടങ്ങളിൽ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ എല്ലാംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫയർ ബോർഡ് പെൻഷൻ നൽകുന്നില്ലെങ്കിലും മറ്റ് ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നുണ്ട്.

കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് കർഷകതൊഴിലാളി പെൻഷൻ നൽകി വരുന്നില്ല. കർഷകത്തൊഴിലാളി പെൻഷന്റെ വിതരണവും നടത്തിപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നൽകിവരുന്നത്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2026 സെപ്റ്റംബർ മാസത്തിൽ അവശതാ പെൻഷൻ നൽകാൻ ബാക്കിയുണ്ട്. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവ ധനസഹായ തുക നൽകാൻ ബാക്കിയുണ്ട്. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 2026 ജൂലൈ മാസം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം പൂർത്തീകരിച്ചു, തുടർന്നുള്ള വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിൽനിന്നും നിത്യരോഗികൾക്കായുള്ള പ്രത്യേക പെൻഷൻ അനുവദിച്ച് നൽകുന്നില്ല. എന്നാൽ സ്ഥിരമായി ശാരീരിക അവശതമൂലം രണ്ട് വർഷത്തിലധികമായി ജോലിചെയ്യാൻ സാധിക്കാത്ത മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അവശതാ പെൻഷൻ നൽകി വരുന്നുണ്ട്. സംസ്ഥാന

വനിതാ ശിശു വികസന വകുപ്പിന്റെ കീഴിലുള്ള അങ്കണവാടി ക്ഷേമനിധി ബോർഡ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എട്ട് മാസത്തെ പെൻഷൻ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ 31 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത് ചെയ്തത്. 2026-ലെ റിട്ടയർമെന്റ് ബെനഫിറ്റ് ആനുകൂല്യത്തിന് നൽകാനുള്ള 24 കോടി രൂപയുടെ ഫയൽ പ്രോസസിങ്ങിലാണ്. അതോടൊപ്പം സംസ്ഥാന ക്ഷീരവകുപ്പിന് കീഴിലുള്ള ക്ഷീര കർഷക ക്ഷേമനിധി ബോർഡ് നിലവിൽ ഒരു ആനുകൂല്യവും കൊടുക്കാൻ ബാക്കിയില്ല. ബോർഡുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികൾ ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. ഇപ്രകാരം ബോർഡുകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മുഴുവൻ ആനുകൂല്യങ്ങളും കുടിശ്ശികയില്ലാതെ നൽകാൻ സാധിക്കും.

### (6) <u>പ്രധാന റോഡുകളുടെ നവീകരണം പൂർത്തിയാക്കൽ</u>

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: മാഡം ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സത്വരമായ ഇടപെടൽ ആവശ്യമുള്ള

*12-10-2026*

*Submissions*

റോഡ് പുനരുദ്ധാരണത്തെ സംബന്ധിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അദ്ദേഹം മന്ത്രിയായി വന്നതിനുശേഷം ഈ റോഡ് പുന:ക്രമീകരണം നടത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽ നന്നായി നടത്തിയിട്ടുണ്ട്. വർഷങ്ങളായി തീരുമാനിക്കപ്പെട്ട റോഡിന് സാങ്കേതികമായ പ്രശ്നങ്ങളും കരാറുകാരനുമായി ബന്ധപ്പെട്ട പ്രശ്നവും ടാറിന്റെ വില വർധനയുമായി ബന്ധപ്പെട്ട പ്രശ്നവും ടെർമിനേഷൻ നടപടികൾ, കോടതി ഇടപെടലുകൾ എന്നീ പ്രശ്നങ്ങളുടെയൊക്കെ ഭാഗമായാണ് റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്. അതിന്റെ ഭാഗമായി ജനങ്ങൾ പ്രക്ഷോഭങ്ങളും സമരങ്ങളും പല രൂപത്തിൽ അവിടെ നടത്തുകയാണ്. ഈക്കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും മന്ത്രി അതിൽ ഇടപെടുകയും പ്രവൃത്തികൾക്കാവശ്യമായ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ നടപടികൾ വേഗത്തിലാക്കണം. ടെർമിനേഷൻ നടപടിയിലേക്ക് കടന്നിട്ടുണ്ടെന്നാണ് അറിയാൻകഴിഞ്ഞത്. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരാണെങ്കിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ആവശ്യമായ രൂപത്തിലുള്ള ആത്മാർത്ഥമായ

ശ്രമങ്ങൾ നടത്തുന്നില്ല. ഇതിന്റെ ഭാഗമായി പ്രയാസപ്പെടുന്ന ഷൊർണ്ണൂർ-കുളപ്പുള്ളി റോഡ്. ഷൊർണ്ണൂർ-കുളപ്പുള്ളി റോഡ് എന്നാണ് പറയപ്പെടുന്നതെങ്കിലും തൃശ്ശൂർ-പെരിന്തൽമണ്ണ എന്നാണ് പ്രസ്തുത റോഡിന്റെ പേര്. നാല് കിലോ മീറ്റർ ദൂരമാണുള്ളത്. ആ കാലഘട്ടത്തിലുണ്ടാക്കിയ എസ്റ്റിമേറ്റ് സംഖ്യ മതിയാകുന്നില്ലെന്നാണ് ഒരുവാദം. അവിടത്തെ മണ്ണ് വളരെ ദുർബലമായതിനാൽ മഴപെയ്താൽ വെള്ളം റോഡിൽ കെട്ടി നിൽക്കുന്ന സ്ഥിതിയാണുള്ളത്. ഡ്രെയിനേജില്ലാത്ത പ്രശ്നവും അവിടെ നേരിട്ട് കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞ വർഷത്തെ ബജറ്റിൽ ഡ്രെയിനേജിനുവേണ്ടി 2 കോടി രൂപ വകയിരുത്തുകയും ആയത് ഇപ്പോൾ സാങ്കേതികാനുമതി ലഭ്യമാക്കുന്ന നടപടിയിലേക്ക് കടക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ 4 കിലോ മീറ്റർ റോഡ് പുന:ക്രമീകരിക്കുന്നതിനാവശ്യമായ ഫലപ്രദമായ ഇടപെടലുകൾ നടത്തി അതിനാവശ്യമായ ഫണ്ടുകൾകൂടി വകയിരുത്തിക്കൊണ്ട് എത്രയും വേഗം നവീകരണം പൂർത്തിയാക്കാനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെയും ഡിപ്പാർട്ട്മെന്റിന്റെയും ഭാഗത്തുനിന്നും ഉണ്ടാകണമെന്നും നാളിതുവരെ

ഇതിനുവേണ്ടി നടത്തിയ ഇടപെടലിനെ അഭിനന്ദിക്കുകയും ചെയ്തുകൊണ്ട് തുടർനടപടിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി ഇനിയും മുന്നിട്ടിറങ്ങണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ഷൊർണ്ണൂർ നിയമസഭാംഗം ബഹുമാനപ്പെട്ട പി. മമ്മിക്കുട്ടി സൂചിപ്പിച്ചതുപോലെ കുളപ്പുള്ളി-ഷൊർണ്ണൂർ റോഡിനായി 2021-ൽ കരാർ ഒപ്പിട്ടതാണ്. 2024-ൽ കരാറുകാരന്റെ 'റിസ്ക് ആൻഡ് കോസ്റ്റിൽ' കരാർ റദ്ദാക്കിയിരുന്നു. എന്നാൽ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും കോടതി കരാർ പുനഃസ്ഥാപിച്ച് നൽകുകയും ചെയ്തു. രണ്ടാമത് സപ്ലിമെന്ററിയായി ഒരു എഗ്രിമെന്റ് വച്ചു. 1.800 കിലോമീറ്റർ റോഡിന്റെ പ്രവൃത്തിയാണ് പൂർത്തീകരിക്കാനുള്ളത്. വീണ്ടും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള എല്ലാ ഉദ്യോഗസ്ഥരെയും വിളിച്ച് അത് ഗതാഗത യോഗ്യമാക്കാനുള്ള നടപടികളെടുത്തു. പക്ഷേ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറും ഉദ്യോഗസ്ഥരും കരാറുകാരനും അതിൽ വീഴ്ചവരുത്തി. ഇപ്പോൾ കരാറുകാരനെ ഒഴിവാക്കി പ്രവൃത്തി അടിയന്തരമായി

ആരംഭിക്കാനുള്ള നടപടിയെടുക്കുന്നുണ്ട്. ഷൊർണ്ണൂർ സ്റ്റേഷൻ മുതൽ കുളപ്പുള്ളി വരെ എത്താനുള്ള ദൂരവും അതിന് ആളുകൾ അനുഭവിക്കുന്ന ബുദ്ധിമുട്ടും എനിക്ക് അറിയാവുന്നതാണ്. അടിയന്തരമായി ആ റോഡ് ഗതാഗതയോഗ്യമാക്കാനുള്ള നടപടികളുണ്ടാകും. ഒറ്റപ്പാലം-പെരിന്തൽമണ്ണ റോഡിനായി 16.79 കോടി രൂപയുടെ അനുമതിയാണ് കിഫ്ബിയിൽ നിന്ന് ലഭ്യമായത്. അതിന് ടെക്നിക്കൽ സാങ്ഷൻ കിട്ടി, അത് ടെൻഡർ ചെയ്തിട്ടുണ്ട്. നിലവിൽ ഇത് ടെൻഡർ അപ്രൂവൽ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. ഐ.പി.ടി. മുതൽ കുളപ്പുള്ളി വരെയുള്ള റോഡിന്റെ ഭാഗം ഉൾപ്പെടുത്തി നിള-പട്ടാമ്പി-കുളപ്പുള്ളി വരെയുള്ള റോഡിന് 11 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനായി ടെക്നിക്കൽ സാങ്ഷൻ കൊടുത്ത് ടെൻഡർ ചെയ്തിട്ടുണ്ട്. ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയതിനുശേഷം തുടർനടപടികൾ ഉണ്ടാകും.

## 7. നെല്ലിയാമ്പതി റോഡ് പുനരുദ്ധാരണം

ശ്രീ. കെ. പ്രേമൻ: സർ, പാലക്കാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിനോദസഞ്ചാര മേഖലയാണ് നെല്ലിയാമ്പതി. അവിടേക്കുള്ള

റോഡിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി ജർമ്മൻ ബാങ്കിന്റെ സഹായത്തോടെ 18 കിലോമീറ്റർ നെല്ലിയാമ്പതി റോഡ് പുനരുദ്ധാരണത്തിനായി 2026-ൽ 114 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും 111 കോടി രൂപയുടെ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. പക്ഷേ നാളിതുവരെയായിട്ടും അതിന്റെ പ്രവൃത്തി ഒന്നുംതന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതിനായി വനം വകുപ്പിന്റെയും ജർമ്മൻ ബാങ്കിന്റെയും എൻ.ഒ.സി.-കൾ 2025-ൽ ലഭിച്ചതാണ്. അതിനുശേഷം ടൂറിസം മേഖലയ്ക്കും പ്രദേശവാസികൾക്കും ഏറെ പ്രയോജനപ്രദമായിട്ടുള്ള ഈ റോഡിന്റെ പ്രവൃത്തികൾ അതിന്റെ പഠനവുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഈ പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോയാൽ പദ്ധതി നടപ്പാക്കുന്ന ജർമ്മൻ ബാങ്ക് അതിൽ നിന്നും പിൻമാറുമോ എന്ന ആശങ്ക പൊതുവേ ഉണ്ടായിട്ടുണ്ട്. അതിന്റെ സാങ്കേതികമായ പ്രശ്നങ്ങൾ അവസാനിപ്പിച്ച് അടിയന്തരമായി റോഡുപണി പ്രവൃത്തി പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുണ്ടാകണമെന്ന്

അഭ്യർഥിക്കുകയാണ്. കഴിഞ്ഞ എട്ടാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നെല്ലിയാമ്പതി സന്ദർശിച്ചിരുന്നു. ഈ റോഡിന്റെ ദുരവസ്ഥയെക്കുറിച്ചും അവിടത്തെ അനന്തമായ വിനോദസഞ്ചാര മേഖലയുടെ സാധ്യതയെക്കുറിച്ചുമെല്ലാം അദ്ദേഹത്തോട് വളരെ വിശദമായി ചർച്ച ചെയ്തിരുന്നു. വളരെ പോസിറ്റീവായ മറുപടിയാണ് ലഭിച്ചത്. അതിൽ ഇടപെടേണ്ടത് അത്യാവശ്യമാണെന്നാണ് റവന്യൂ വകുപ്പുമന്ത്രിയുടെയും അഭിപ്രായം. പാലക്കാട് ജില്ലയിലെ വിനോദസഞ്ചാര ഭൂപടത്തിൽ ഏറെ മാറ്റങ്ങളുണ്ടാക്കാൻ കഴിയുന്ന വളരെ അത്യാവശ്യമായിട്ടുള്ള ഒന്നാണ് നെല്ലിയാമ്പതി റോഡ്. മഴക്കാലമായാൽ നെല്ലിയാമ്പതിയിലെ ജനങ്ങളെല്ലാം ആശങ്കയിലാകും. നിലവിലുള്ള റോഡ് ദുർബലമായതിനാൽ മഴക്കാലത്ത് അടച്ചിടുകയാണ് പതിവ്. പുതിയ റോഡ് വരുന്നതോടുകൂടി വലിയൊരു ആശങ്ക പരിഹരിക്കാൻ കഴിയും. റോഡ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് വിനയപൂർവം അഭ്യർഥിക്കുകയാണ്.

*12-10-2026*
*Submissions*

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം കെ. പ്രേമൻ എം.എൽ.എ. സൂചിപ്പിച്ച നെല്ലിയാമ്പതി റോഡ് വളരെ അടിയന്തരമായി ഗതാഗതയോഗ്യമാക്കേണ്ട ഒന്നാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ) പദ്ധതിയിലുൾപ്പെടുത്തി ജർമ്മൻ ബാങ്കിന്റെ ധന സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി 05-01-2026-ലാണ് ആർ.കെ.ഐ.-യിൽ നിന്നും 114.13 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായത്. പ്രസ്തുത റോഡിന്റെ ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് മുമ്പായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, സാക്കോൺ മുഖേന ഒരു വർഷത്തേക്ക് ആവശ്യമായ വൈൽഡ്ലൈഫ് സ്റ്റഡി നടത്തണമെന്നും പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകളും ശിപാർശകളും ടെൻഡർ രേഖകളിൽ യഥാവിധി ഉൾപ്പെടുത്തണമെന്നും ജർമ്മൻ ബാങ്ക് അറിയിച്ചിട്ടുണ്ട്. അടിയന്തരമായി പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി വൈൽഡ്ലൈഫ് സ്റ്റഡി തുടങ്ങിയതിനുശേഷം ആദ്യത്തെ മൂന്ന് മാസത്തിനുശേഷം ലഭിക്കുന്ന പ്രാഥമിക പഠന റിപ്പോർട്ടിൽ

പ്രതിപാദിച്ചിട്ടുള്ള കണ്ടെത്തലുകളും ശിപാർശകളുമുൾപ്പെടുത്തി ജർമ്മൻ ബാങ്കിന്റെ അംഗീകാരത്തോടുകൂടി പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ഒരു വർഷത്തേക്ക് വൈൽഡ്‌ലൈഫ് സ്റ്റഡി നടത്തുന്നതിനായി സാക്കോൺ സമർപ്പിച്ച 25,52,000/- രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി ആർ.കെ.ഐ.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ റോഡിന്റെ വിഷയം വളരെ ഗൗരവമുള്ളതാണെങ്കിലും ഈ നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. എത്രയുംവേഗം മറ്റുള്ള നടപടികൾ പൂർത്തീകരിച്ച് തുടർനടപടികളിലേക്ക് പോകുന്നതാണ്.

8. <u>സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി</u>

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കുന്നംകുളം മണ്ഡലത്തിലെ കരിച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി ആരംഭിച്ചത് 2018-ലാണ്. കരാറുകാരനെ ഇടയ്ക്ക് ടെർമിനേറ്റ് ചെയ്യുകയും പുതിയ കരാറുകാരനെ എടുക്കുകയും ചെയ്തു. പ്രധാനപ്പെട്ട നിർമ്മാണപ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ജി.എസ്.ടി

*12-10-2026*
*Submissions*

നിരക്കുകളിൽ വർധനവുണ്ടായതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നിരുന്നു. പ്രവൃത്തി അവസാനഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ ചില പ്രധാന ഇനങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ലെന്ന കാരണത്താൽ വീണ്ടും ആർ.ഇ (റിവൈസ്ഡ് എസ്റ്റിമേറ്റ്) ആവശ്യപ്പെട്ടിരിക്കുകയാണ്. രണ്ട് നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു ബ്രിഡ്ജും അതോടൊപ്പം പൊന്നാനി കോളിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക മേഖലയിലെ ജലസേചനത്തിന് സൗകര്യമുള്ളതുമാണ് ഈ റഗുലേറ്റർ-കം-ബ്രിഡ്ജ്. ഈ സാങ്കേതിക പ്രശ്നം മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുള്ള ആർ.ഇ. പാസ്സാക്കികഴിഞ്ഞാൽ അടിയന്തരമായി പൂർത്തീകരിക്കാനാവും. കോൾ നിലങ്ങളിലാണ് പണികൾ നടക്കുന്നതെന്നതിനാൽ മഴയില്ലാത്ത സമയത്ത് രണ്ടോ മൂന്നോ മാസം മാത്രമാണ് പണികൾ ചെയ്യാൻ കഴിയുന്നത്. അക്കാര്യത്തിൽ അങ്ങയുടെ അടിയന്തര ശ്രദ്ധ ഉണ്ടാകണം. മഴ ഒഴിഞ്ഞുനിൽക്കുന്ന സമയത്തുതന്നെ അടിയന്തരമായി ഇതിന്റെ പണി പൂർത്തീകരിക്കാൻ കഴിയണം എന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.

*12-10-2026*

*Submissions*

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, തൃശ്ശൂർ ജില്ലയിൽ കുന്നംകുളം നിയോജകമണ്ഡലത്തിലെ നൂറാടിത്തോടിനു കുറുകെ കാട്ടകാമ്പാൽ- വടക്കേക്കാട് എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. സി. മൊയ്തീൻ ഇവിടെ സബ്മിഷനിലൂടെ ഉന്നയിച്ചത്. കരിച്ചാൽക്കടവ് ആർ.സി.ബി.-യുടെ നിർമ്മാണപ്രവർത്തനങ്ങളിലെ സാങ്കേതിക പ്രശ്നങ്ങളെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നത് അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം ചൂണ്ടിക്കാണിച്ച വിശദാംശങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഇപ്പോൾ പരിശോധിച്ചപ്പോൾ 95 ശതമാനം ജോലികളും പൂർത്തീകരിച്ചതായാണ് കാണുന്നത്. ഇനി ബാക്കി വരുന്ന ജോലികൾ എത്രയുംവേഗം ഈ സീസൺ പ്രയോജനപ്പെടുത്തി പൂർത്തിയാക്കണമെന്നാണ് അദ്ദേഹം നിർദേശിച്ചിട്ടുള്ളത്. പദ്ധതി പ്രദേശത്തെ അപ്രോച്ച് റോഡിന്റെ ടാറിങ്, ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കൽ, അപ്രോച്ച് റോഡിൽനിന്നുള്ള റാമ്പുകളുടെ

നിർമ്മാണം തുടങ്ങിയ കാര്യങ്ങളാണ് പ്രധാനമായും ഇനി പൂർത്തീകരിക്കാനുള്ളത്. ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയ്ക്കായി ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഈ റിവൈസ്ഡ് എസ്റ്റിമേറ്റിന് എത്രയുംവേഗം അനുമതി നൽകുന്നതാണ്. പദ്ധതിയുടെ പൂർത്തീകരണത്തിനാവശ്യമായ എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് ഇപ്പോൾ ചീഫ് എഞ്ചിനീയർ പരിശോധിച്ച് തന്നിരിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് എത്രയുംവേഗം അനുമതി നൽകുകയും അവശേഷിക്കുന്ന കാര്യങ്ങൾ ഈ സീസൺ പ്രയോജനപ്പെടുത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കരിച്ചാൽക്കടവ് ആർ.സി.ബി.-യുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുന്നു.

*12-10-2026*

*Submissions*

## 9. പരപ്പാൽ ബീച്ച് പരിസരത്ത് കടൽ ഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച്

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വള്ളിക്കുന്ന് പഞ്ചായത്തിൽ അരിയല്ലൂർ വില്ലേജിൽ പരപ്പാൽ ബീച്ചിൽ കടൽഭിത്തി നിർമ്മിച്ച് തീരദേശ റോഡായ പി.ഡബ്ല്യൂ.ഡി. ടിപ്പു സുൽത്താൻ റോഡ് പുനർനിർമ്മിച്ച് ജനങ്ങൾക്ക് ഗതാഗത സൗകര്യം പുന:സ്ഥാപിച്ച് കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. സുരക്ഷിതമായ വീടുകളിൽപോലും താമസിക്കാൻ കഴിയാതെ ഇരട്ട വീടുകളിൽ താമസിച്ചും കടലിനോട് മല്ലിട്ടും ഓരോ തിരമാലയിലും തങ്ങളുടെ വീടും സ്വത്തും ജീവനോപാധികളും നഷ്ടപ്പെടുമെന്ന ഭീതിയോടെ കഴിയുന്ന ഒരുകൂട്ടം പാവപ്പെട്ട മനുഷ്യരുടെ വേദനയും നിസഹായതയുമാണ് ഞാൻ ഈ സബ്മിഷനിലൂടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. അരിയല്ലൂർ വില്ലേജിലുള്ള പരപ്പാൽ ബീച്ചിലെ ഫിഷിങ് ഗ്യാപിൽ കടൽ ഭിത്തി നിർമ്മാണം പൂർത്തിയാകാത്തതുമൂലമുണ്ടായ കടലാക്രമണം കാരണം 2018-ൽ തകർന്നുപോയ കടൽഭിത്തിയും റോഡും

പുനസ്ഥാപിക്കണമെന്നതാണ് ഇതിന്റെ കാതൽ. കടൽ കരയിലേക്ക് ഇരച്ചുകയറി റോഡുകളും തീരദേശവാസികളുടെ വീടുകളും സ്വത്തുകളും വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ഒരു ജനതയുടെ സുരക്ഷിതമായ ജീവിതവും സമ്പാദ്യങ്ങളും മാത്രമല്ല അവരുടെ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾപോലും തീരമാലകളിൽ ഒലിച്ചുപോകുന്ന ദയനീയമായ സാഹചര്യമാണ് ഇവിടെ നിലനിൽക്കുന്നത്. ഈ ദുരന്തത്തിന്റെ ആഘാതം വീടുകളുടെയും സ്വത്തുക്കളുടെയും നഷ്ടത്തിൽ മാത്രം ഒതുങ്ങുന്നതല്ല. തീരദേശവാസികളുടെ പ്രധാന സഞ്ചാര മാർഗമായിരുന്ന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ടിപ്പുസുൽത്താൻ റോഡിന്റെ ഏകദേശം 200 മീറ്ററിൽപരം ഭാഗം പൂർണ്ണമായും കടലെടുത്തിരിക്കുന്നു. ഇതോടെ പ്രദേശവാസികൾക്ക് സഞ്ചാരമാർഗം നഷ്ടപ്പെടുകയും ഒറ്റപ്പെട്ട അവസ്ഥയിലാവുകയും ചെയ്തിരിക്കുന്നു. ഭരണഘടന ഉറപ്പുനൽകുന്ന സഞ്ചാര സ്വാതന്ത്ര്യംപോലും പ്രായോഗികമായി നിഷേധിക്കപ്പെട്ട ഈ ജനതയുടെ ദുരിതം എത്രത്തോളം വലുതാണെന്ന് നാം ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ഫിഷറീസ്

വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ഞാനും ബഹുമാനപ്പെട്ട ജില്ലാ കളക്ടറും ജനപ്രതിനിധികളും മറ്റുദ്യോഗസ്ഥരും സ്ഥലം സന്ദർശിക്കുകയും പ്രശ്ന പരിഹാരത്തിനായി വിവിധ പരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയെയും ഈ സ്ഥലം സന്ദർശിക്കുന്നതിനുവേണ്ടി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കടൽത്തീര സംരക്ഷണവുമായി ബന്ധപ്പെട്ട് പൂനെയിലെ ദേശീയ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ് (സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ) പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പരപ്പാൽ ബീച്ച് പ്രദേശത്ത് കടൽത്തീരം സംരക്ഷിക്കുന്നതിനും ടിപ്പു സുൽത്താൻ റോഡ് നിലനിർത്തുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതാണ് ശാശ്വത പരിഹാരമെന്ന് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. കടൽഭിത്തി നിർമ്മാണത്തിന്റെ ഉത്തരവാദിത്വം ഇറിഗേഷൻ വകുപ്പിനാണ്. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കടൽഭിത്തിയുടെ ഡിസൈൻ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച്

നിർമ്മാണ പ്രവൃത്തികൾക്ക് തുടക്കം കുറിക്കേണ്ടത് അനിവാര്യമാണ്. ഓരോ മഴക്കാലവും കടന്നുപോകുമ്പോൾ കൂടുതൽ തീരദേശ റോഡുകളും ഭൂമിയും സ്വത്തുക്കളും നഷ്ടപ്പെടുകയും കൂടുതൽ കുടുംബങ്ങൾ ദുരിതത്തിലാവുകയും ചെയ്യുന്നതിനാൽ ഈ ജനതയ്ക്ക് ഇനിയും കാത്തിരിക്കാനാവില്ല. അതിനാൽ കടൽ ഭിത്തി നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പാവപ്പെട്ട തീരദേശ നിവാസികൾക്കുവേണ്ടി ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, വെള്ളപ്പൊക്കത്തിലും കടലാക്രമണത്തിലും തകർന്നുപോയ പരപ്പാൽ ബീച്ച് സംരക്ഷിക്കുക, അതിനുവേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക എന്നീ ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. ഇത് അടിയന്തര പ്രധാന്യത്തോടെ നടപ്പാക്കേണ്ട കാര്യമാണെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ പരിശോധിക്കുകയുണ്ടായി. മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്തിലുള്ള അരിയല്ലൂർ വില്ലേജിൽ പരപ്പാൽ ബീച്ചിലെ ഫിഷിങ്

ഗ്യാപ് പന്ത്രണ്ടാം ധനകാര്യ കമ്മിഷനിലുൾപ്പെടുത്തി കടൽഭിത്തി നിർമ്മാണത്തിനനുമതി നൽകുകയും ആയതുപ്രകാരം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. കടൽഭിത്തി നിർമ്മാണം കടലാമകളുടെ ആവാസ വ്യവസ്ഥയെ ബാധിക്കുമെന്ന് കാണിച്ച് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെയും കോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കടലാമയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടമേൽക്കാത്ത തരത്തിൽ പുലിമുട്ട് നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനം നടത്തുന്നതിന് പൂനെയിലെ സി.ഡബ്ല്യു.പി.ആർ.എസ്. എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. ടി സ്ഥാപനത്തിൽനിന്നുള്ള റിപ്പോർട്ടിലെ പ്രശ്നത്തെത്തുടർന്നാണ് കാലതാമസം നേരിട്ടത്. കടലാമ പ്രജനനത്തിന് ദോഷം വരാത്ത രീതിയിലുള്ള കടൽ ഭിത്തി നിർമ്മാണ പ്രവൃത്തിയെന്നത് ജിയോബാഗ്, ജിയോ ട്യൂബ് എന്നിവ കൊണ്ടുള്ള സോഫ്റ്റ് സൊല്യൂഷൻ നിർമ്മാണ പ്രവൃത്തികളാണെന്നാണ് സി.ഡബ്ല്യു.പി.ആർ.എസ്.

അറിയിച്ചിട്ടുള്ളത്. ഈ ഭാഗത്ത് ഇറിഗേഷൻ വകുപ്പ് മുമ്പ് നിർമ്മിച്ച പ്രകൃതിദത്തമായ ജിയോബാഗ് ഉപയോഗിച്ചുകൊണ്ടുള്ള സംരക്ഷണ ഭിത്തിയും നിലവിൽ നിർമ്മിച്ച ഭിത്തിയുടെ ഭൂരിഭാഗവും കടലെടുത്തുപോകുകയും ചെയ്തു. എന്നാൽ നിലവിലെ സ്ഥിതി സി.ഡബ്ല്യു.പി.ആർ.എസ്.-നെ അറിയിക്കുകയും പഠന റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. പരപ്പാൽ ബീച്ച് പ്രദേശത്തെ കടൽത്തീര സംരക്ഷണത്തിനും അങ്ങ് ചൂണ്ടിക്കാണിച്ച ടിപ്പു സുൽത്താൻ റോഡ് സംരക്ഷിക്കുന്നതിനും കടൽഭിത്തി നിർമ്മിക്കുന്നതാണ് ശാശ്വത പരിഹാരമെന്ന് റിപ്പോർട്ട് ചെയ്ത് മറുപടി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള ഡിസൈൻ സി.ഡബ്ല്യു.പി.ആർ.എസ്. തന്നെ തയ്യാറാക്കി നൽകേണ്ടതായിട്ടുണ്ട്. എന്നാൽ നാളിതുവരെ ഇത് ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച ഡിസൈൻ അംഗീകരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. മൂന്നുകോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പ്രഥമികമായി പരിശോധിച്ച് അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ.

ചൂണ്ടിക്കാണിച്ച പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കുന്നതും തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. കൂടാതെ ഈ പ്രദേശത്തിന്റെ പ്രധാന്യവും തീരദേശം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള മിഷൻ ഡയറക്ടറേറ്റ് ഈ പ്രദേശത്തെ വികസന പദ്ധതികൾ ലോക ബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീര സംരക്ഷണം നടത്താനുള്ള പദ്ധതികൾ സർക്കാർ മുന്നോട്ടുകൊണ്ടുപോകുകയും ഇക്കാര്യങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ മുൻഗണനയിൽ ഉൾപ്പെടുത്തുകയും ചെയ്യുമെന്ന് ഞാൻ അറിയിക്കുന്നു. അങ്ങ് ആവശ്യപ്പെട്ടതുപ്രകാരം നിയമസഭ സമ്മേളനത്തിനുശേഷം ഈ സ്ഥലം നേരിട്ട് സന്ദർശിക്കുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ മുഴുവൻ അവിടെ വിളിച്ചുചേർത്ത് ആവശ്യമായ കാര്യങ്ങൾ വേഗത്തിലാക്കാനും നടപടികൾ പൂർത്തിയാക്കാനും വേണ്ട കാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

*12-10-2026*
*Submissions*

(10) തീരദേശത്തെ കടലാക്രമണവും തീരശോഷണവും പരിഹരിക്കൽ

ശ്രീ. സന്ദീപ് വാര്യർ: സർ, തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ തീരപ്രദേശങ്ങളിൽ കഴിഞ്ഞ ആഗസ്റ്റ് മാസത്തിലുൾപ്പെടെ രൂക്ഷമായിട്ടുള്ള കടലാക്രമണമാണുണ്ടായത്. വലിയപറമ്പ് പഞ്ചായത്തിന്റെ ഒരു സവിശേഷതയെന്നത് അത് കടലിനും കായലിനും നടുക്കാണെന്നുള്ളതാണ്. ഏതാണ്ട് 24 കിലോമീറ്റർ നീളമുള്ള ഈ പഞ്ചായത്ത് അതിന്റെ വിഡ്ത്ത് പരമാവധി 600 മീറ്ററും ഏറ്റവും കുറഞ്ഞത് 34 മീറ്ററും മാത്രമാണ്. 24 കിലോമീറ്റർ ദൂരത്തിലും വലിയതോതിലുള്ള കടലാക്രമണമാണ് ഉണ്ടായത്. സൗത്ത് മാവില കടപ്പുറം മുതൽ സൗത്ത് തൃക്കരിപ്പൂർ കടപ്പുറം വരെയുള്ള 20 കിലോമീറ്റർ ദൂരത്ത് കടൽഭിത്തിയൊന്നുമില്ല. ആകെയുള്ളത് ഒരു പുലിമുട്ട് മാത്രമാണ്. മാത്രമല്ല മാവില കടപ്പുറത്ത് ഒരിയരക്കാവ് ശ്രീ വിഷ്ണുമൂർത്തി ക്ഷേത്രത്തിലെ പ്രധാന ചടങ്ങായിട്ടുള്ള കടൽക്കരയിൽ നടക്കുന്ന ബലിതർപ്പണ ചടങ്ങിലെ ബലിത്തറയുടെ ചുറ്റുമതിലടക്കം ഈ വർഷത്തെ കടൽ ക്ഷോഭത്തിൽ

നഷ്ടപ്പെട്ടു. ഏതാണ്ട് അമ്പത് മീറ്ററോളം കടലാക്രമണം നടന്നിട്ടുണ്ട്. ഏകദേശം 60-70 വർഷം പഴക്കമുള്ള നൂറുകണക്കിന് കായ്ഫലമുള്ള തെങ്ങുകൾ നഷ്ടപ്പെട്ടിട്ടുണ്ട്. ഈ രീതിയിൽ കടൽക്ഷോഭം തുടരുകയാണെങ്കിൽ അടുത്ത വർഷം പ്രദേശ വാസികളുടെ നൂറുകണക്കിന് വീടുകൾ നഷ്ടപ്പെടാനുള്ള സാഹചര്യവുമുണ്ട്. അതൊടൊപ്പം അവിടത്തെ ഗവ. ഫിഷറീസ് യു.പി.എസ്. കുന്നുവീട്, ജി.എഫ്.എച്ച്.എസ്.എസ്. പടന്നക്കടപ്പുറം എന്നീ സ്കൂളുകളും പള്ളികളും ക്ഷേത്രങ്ങളുമടക്കം നിരവധി ആരാധനാലയങ്ങളും 200 മീറ്ററിലധികം ദൂരം കടലുമായിട്ടുണ്ടായിരുന്നത് നിലവിൽ ചുരുങ്ങി 20-30 മീറ്ററിലേക്ക് എത്തിയിരിക്കുകയാണ്. ഇതെല്ലാം അടുത്ത വർഷങ്ങളിൽ വലിയ ദുരന്തം കാത്തിരിക്കുന്ന തരത്തിലാണുള്ളത്. അതുകൊണ്ട് വലിയപറമ്പ് പഞ്ചായത്തിന്റെ പ്രത്യേക എക്കോ സിസ്റ്റവും ആവാസ വ്യവസ്ഥയും പരിഗണിച്ചുകൊണ്ട് അവിടെ ടെട്രാപോഡ് അനുവദിച്ചുകൊണ്ട് ടി പഞ്ചായത്തിനെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭീഷണി നേരിടുന്ന കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി സുരക്ഷിതമായ സ്ഥലങ്ങളിലേക്ക്

മാറ്റിപ്പാർപ്പിക്കാനും വലിയപറമ്പയിലെ ജനങ്ങളുടെ ജീവൽപ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സന്ദീപ് വാര്യർ ഉന്നയിച്ച വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ തീരദേശ കടലാക്രമണവും തീരശോഷണവും ശാശ്വതമായി പരിഹരിക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം ചൂണ്ടിക്കാണിച്ചത് വളരെ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതാണെന്ന് കാണുകയാണ്. ജലസേചന വകുപ്പ് കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്ത് പ്രദേശം കേരളത്തിലെ തീരദേശത്തിലെ ഏറ്റവും ദുർബലവും അപകട സാധ്യതയുള്ളതുമായ ഭാഗങ്ങളിലൊന്നായി തിരിച്ചറിഞ്ഞിട്ടുണ്ട്. ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കേരള സുസ്ഥിര തീരസംരക്ഷണ കാലാവസ്ഥാ പ്രതിരോധ ആസൂത്രണ പദ്ധതിപ്രകാരം ജലസേചന വകുപ്പ് കണ്ടെത്തിയ പത്ത് ഹോട്ട്സ്പോട്ട് സ്ഥലങ്ങളിൽ ഒന്നാണ് വലിയപറമ്പ്. അതുകൊണ്ടുതന്നെ

കടലാക്രമണത്തിന്റെ രൂക്ഷമായ സാഹചര്യങ്ങൾ ഇവിടെ നിലനിൽക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് വസ്തുതയാണ്. ഇക്കാര്യത്തിൽ വലിയപറമ്പ് ഗ്രാമപഞ്ചായത്തിലെ മാവില കടപ്പുറം മുതൽ തയ്യിൽ കടപ്പുറം വരെയുള്ള  തീരദേശ ഭാഗം ഈ പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തി വികസിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്. കടലിനും വലിയപറമ്പ്  കായലിനും ഇടയിലുള്ള ഒരു ഇടുങ്ങിയ മണൽത്തിട്ടയാണ് ടി പ്രദേശം. ഇതുവരെ കാര്യമായ ഇടപെടലുകൾ നടന്നിട്ടില്ലാത്ത പ്രകൃതിദത്ത തീരപ്രദേശമായതിനാൽ ഇവിടെ പ്രകൃതി അധിഷ്ഠിതമായ തീരസംരക്ഷണ മാർഗങ്ങൾക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. ഏതെങ്കിലും സ്ഥലത്ത് ഗ്രോയിനുകൾ/ടെട്രാപോഡ് ഘടനകൾ ആവശ്യമാണോയെന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുകയും അന്തിമ രൂപകല്പന ചെയ്യുന്ന സമയത്ത് ഇക്കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നിർദേശം നൽകുന്നതുമാണ്. ബാത്തിമെട്രിക് ടോപ്പോഗ്രാഫിക് സർവേകൾ, മാതൃകാ പഠനങ്ങളും രൂപകല്പനയും, പരിസ്ഥിതി മൂല്യ നിർണ്ണയം, പ്രാദേശിക

സമൂഹങ്ങളുമായുള്ള കൂടിയാലോചന എന്നിവയ്ക്ക് മുൻഗണന നൽകി പദ്ധതി നിർവഹിക്കുന്നതിന് ഗവൺമെന്റ് പ്രത്യേകമായി നിർദേശം നൽകുന്നതാണ്. വായ്പാകരാറിൽ ഒപ്പുവയ്ക്കുന്നതിനുമുമ്പ് പാലിക്കേണ്ട തയ്യാറെടുപ്പ് മാനദണ്ഡങ്ങൾ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള സാമ്പത്തികകാര്യ വകുപ്പ് നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനുമായി പദ്ധതിക്കാവശ്യമായ ബജറ്റ് വിഹിതം അനുവദിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് ലഭിച്ചിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കുന്നതാണ്. കേരളത്തിന്റെ കടലോര തീരസംരക്ഷണത്തിനും കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വികസന പദ്ധതികളിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ വലിപറമ്പ് തീരസംരക്ഷണ പദ്ധതി മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കാൻ സർക്കാർ തലത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുന്നു. ബഹുമാനപ്പെട്ട വിവിധ അംഗങ്ങൾ ഈ സഭയിലും കഴിഞ്ഞ സഭയിലുമായി

ചൂണ്ടിക്കാണിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് കടലാക്രമണവും കടൽത്തീര സംരക്ഷണവും. തീരശോഷണം വളരെ ഗൗരവമേറിയ പ്രശ്നമായി ഇപ്പോൾ വിവിധ മണ്ഡലങ്ങളിൽനിന്ന് ചൂണ്ടിക്കാണിക്കുകയാണ്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കടലോര മേഖലയുടെ ഗുരുതരമായ ഇത്തരം സ്ഥിതിവിശേഷങ്ങൾ പരിശോധിച്ചപ്പോഴാണ് പത്ത് ഹോട്ട്സ്പോട്ടുകൾ വന്നിട്ടുള്ളത്. അതിനായുള്ളൊരു പ്രോജക്ടാണ് ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ളത്. അവശേഷിക്കുന്ന ഭാഗങ്ങളിലും ഈ രൂക്ഷമായ പ്രതിസന്ധി നിലനിൽക്കുകയാണ്. നമുക്ക് ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള കടലോര ഭാഗങ്ങളിൽ ഗുരുതരമായ സ്ഥിതി വിശേഷങ്ങളുള്ള പ്രദേശങ്ങൾ പരിശോധിക്കുന്നതിനും സ്റ്റേറ്റ് ഒട്ടാകെ ഇക്കാര്യങ്ങൾ ചേർത്ത് ഏതെങ്കിലും ലോകബാങ്കിന്റെയോ എ.ഡി.ബി. (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്)-യുടെയോ സഹായത്തോടുകൂടി ബൃഹത്തായൊരു പദ്ധതിയായി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങൾക്കും ഒരു ശാശ്വത പരിഹാരമുണ്ടാകുന്ന വിധത്തിൽ ബൃഹത്തായ

ഒരു പ്രോജക്ടിന് രൂപം കൊടുക്കാൻ ഗവൺമെന്റ് ആലോചിക്കുകയാണ്. അതിനുവേണ്ടിയുള്ള നടപടികൾക്കുവേണ്ടിയുള്ള സാധ്യതാപഠനം ഉടനെതന്നെ നടത്തുന്നതിന് നടപടികൾ ആരംഭിക്കുമെന്നുകൂടി പൊതുവെ അറിയിക്കാൻ ആഗ്രഹിക്കുന്നു.